# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.589 | 28.09.2016 ന് മറുപടിയ്ക്ക്.

## നാട്ടാന പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നാട്ടാനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നാട്ടാനകളുടെ പരിപാലനത്തിനായി വനം വകുപ്പ് കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ G.O.(P) No.119/2012/F&WLD തീയതി 18.12.2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ നാട്ടാനകളുടെ പരിപാലനത്തിനുള്ള നിബന്ധനകൾ വിശദമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; 2016 ജനുവരി മാസത്തിനുശേഷം എടുത്ത കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ വനം വകുപ്പ്, വന്യജീവി സംരക്ഷണ നിയമം 1972, നാട്ടാന പരിപാലന ചട്ടം 2012 എന്നീ നിയമങ്ങൾ പ്രകാരം കേസ്സ് എടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. 2016 ജനുവരിക്കു ശേഷം എടുത്ത കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | 2016 ജനുവരിക്കു ശേഷം എടുത്ത കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 1 |

| | | |
|---|---|---|
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 0 |
| 8 | തൃശ്ശൂർ | 4 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 3 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 0 |
| 14 | കാസർഗോഡ് | 0 |
| | ആകെ | 16 |

(സി) നാട്ടാനകൾക്ക് സർക്കാർ സൗജന്യചികിത്സ നൽകുന്നുണ്ടോ; വിശദമാക്കുമോ?

(സി) നിലവിൽ വനം വകുപ്പ് നാട്ടാനകൾക്ക് സൗജന്യ ചികിത്സ നൽകുന്നില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**